**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. ജീവനക്കാരുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ. എസ്. ഇ. ബി. യുടെ വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാ വീഴ്ച മൂലം മരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.-യുടെ വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാവീഴ്ച മൂലം മരണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാവീഴ്ചമൂലമുള്ള മരണങ്ങൾ തുടർച്ചയായി സംഭവിക്കുന്നില്ല. പ്രവർത്തികൾ പെട്ടെന്ന് തീർക്കുന്നതിനായി സുരക്ഷ പാലിക്കാതെ പ്രവർത്തിക്കുന്നതാണ്, സുരക്ഷാ വീഴ്ച മൂലമുള്ള അപകടങ്ങളിൽ ഭൂരിഭാഗവും ഉണ്ടാകാനുള്ള കാരണം എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ അപകടത്തെക്കുറിച്ചും വിശദമായി പഠിച്ച് അപകടങ്ങൾ ഒഴിവാക്കാനുള്ള എല്ലാ നടപടികളും കെ.എസ്.ഇ.ബി. കൈകൊണ്ടു വരികയാണ്.<br><br>ഇത്തരത്തിലുള്ള എല്ലാ വൈദ്യുത അപകടങ്ങളും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന അന്വേഷണം നടത്തി ആയതിന്റെ കാരണം അവലോകനം ചെയ്യുകയും അപകടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ/കരാർ തൊഴിലാളികൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ സേഫ്റ്റി കമ്മീഷണർക്ക് നൽകുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങളെ കുറിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ട്രെയിനിങ്ങും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | എല്ലാ ജോലികളും അംഗീകൃത എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാവശ്യമായ നിർദേശം നൽകുമോ; | (ബി) | കെ.എസ്.ഇ.ബി.യിലെ എല്ലാ ജോലികളും കെ.എസ്.ഇ.ബി. എഞ്ചിനീയർമാരുടെയോ നിയമാനുസൃതമായി നിയമിക്കപ്പെട്ട മറ്റു സൂപ്പർവൈസർമാരുടെയോ മേൽനോട്ടത്തിലാണ് നടത്തുന്നത്. വൈദ്യുത പ്രതിഷ്ഠാപനങ്ങളിലെ ജോലികളുടെ നടത്തിപ്പിനും സുരക്ഷയും സംബന്ധിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃതമായ CEA (Measures relating to safety and Electric Supply) Regulations 2023-ൽ ഇത് സംബന്ധിയായ നിഷ്കർഷത ഉണ്ട്. മേൽ ചട്ടത്തിലെ റെഗുലേഷൻ 7, 8 എന്നിവയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പോലുള്ള ഒരു വൈദ്യുത ഉത്പാദന പ്രസരണ വിതരണ സ്ഥാപനത്തിൽ പ്രവർത്തികളുടെ മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥർക്ക് വേണ്ട യോഗ്യതകൾ/പരിശീലനം എന്നിവയെ പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇപ്രകാരം മതിയായ യോഗ്യതയുള്ള / പരിശീലനം സിദ്ധിച്ച കെ.എസ്.ഇ.ബി. എഞ്ചിനീയർമാരെയും / സൂപ്പർവൈസറുമാരെയുമാണ് പ്രവർത്തികളുടെ മേൽനോട്ടത്തിന് നിയമിക്കുന്നത്. പ്രവർത്തികളുടെ മേൽനോട്ടത്തിന് യോഗ്യതയുള്ള / പരിശീലനം സിദ്ധിച്ച എഞ്ചിനീയർ / സൂപ്പർവൈസർ എന്നിവരെ നിയമിക്കണമെന്നല്ലാതെ അംഗീകൃത എഞ്ചിനീയർ (Certified Engineer) നിർവ്വഹിക്കണമെന്ന് ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടോ / നിഷ്കർഷിച്ചിട്ടോ ഇല്ല.<br><br>കൂടാതെ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ ) റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 31 - ൽ ലൈസൻസ് ഉള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ മാത്രമേ വൈദ്യുത ജോലികൾ ചെയ്യാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്.<br><br>സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിയമാനുസൃതമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സുരക്ഷാ നയം രൂപീകരിച്ച് അപ്രകാരം ജീവനക്കാർ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് ജോലി സംബന്ധമായും സുരക്ഷാപരമായും ഉള്ള പരിശീലനവും നൽകി വരുന്നുണ്ട്. കൂടാതെ ഓരോ അപകടം ഉണ്ടാവുമ്പോഴും അത് അവലോകനം ചെയ്ത് അത്തരം അപകടങ്ങൾ ആവർത്തികാതിരിക്കാൻ |

| | | | |
|---|---|---|---|
| | | | എല്ലാ ജീവനക്കാരിലും അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ